# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1691** **05-02-2019-ൽ**

മറുപടി നൽകേണ്ടത്

## കോളേജുകളിലെ പഠന നിലവാരത്തകർച്ച

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.ജെ.മാക്സി** : | **ഡോ.കെ.ടി.ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ കോളേജുകളിലെ പഠന നിലവാര തകർച്ചയും റിസൾട്ട് കുറയുന്നതും യഥാസമയം പരീക്ഷകൾ നടത്തുന്നതിലും റിസൾട്ട് പ്രഖ്യാപിക്കുന്നതിലുമുള്ള കാലതാമസവും സംബന്ധിച്ച പരാതികൾ എന്തെല്ലാമെന്നും അവ പരിഹരിക്കാനായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കാമോ; | **എ)** | ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | എഞ്ചിനീയറിംഗ് ഉൾപ്പെടെ പല കോഴ്സുകൾക്കും കുട്ടികളില്ലാതെ കോളേജുകൾ പൂട്ടേണ്ട സാഹചര്യം ഉണ്ടാകുന്നത് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം നൽകുമോ; | ബി)<br>സി) | എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ കോളേജുകൾ ഒന്നും തന്നെ കുട്ടികളിലാതെ പൂട്ടേണ്ട സാഹചര്യം നിലവിലില്ല. സ്വകാര്യ സ്ഥാപനങ്ങൾ കുട്ടികളുടെ കുറവ് കാരണം പൂട്ടേണ്ടിവരുന്ന സാഹചര്യം സംബന്ധിച്ച് വിശദമായ പഠനം സർക്കാർ നടത്തിയിട്ടില്ല. |
| സി) | ഈ സാഹചര്യം ഒഴിവാക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ; | | |
| ഡി) | ഉന്നതവിദ്യാഭ്യാസ മേഖലകളിലെ പരീക്ഷകൾക്ക് മുൻകൂട്ടി ടൈംടേബിൾ പ്രസിദ്ധീകരിക്കുവാനും നിശ്ചിത സമയത്തുതന്നെ പരീക്ഷാ നടത്തിപ്പിനും റിസൾട്ട് പ്രഖ്യാപനത്തിനും വേണ്ട ഒരു ഏകീകൃത പരീക്ഷാ സമ്പ്രദായം നടപ്പിലാക്കാനും എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | **ഡി)** | സർവ്വകലാശാലകളിലെ അക്കാദമിക-പരീക്ഷാ കലണ്ടറുകളുടെ അവലോകനത്തിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുള്ള പ്രോ-വൈസ് ചാൻസലർമാരുടെ കമ്മിറ്റി, വിവിധ സർവകലാശാല-കോളേജുകളിലെ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും |

നിരന്തരമായി വിലയിരുത്തി വരുന്നു. വിദ്യാർത്ഥി പ്രവേശനം ഏകജാലക സമ്പ്രദായ ത്തിലൂടെ കാര്യക്ഷമവും സമയ ബന്ധിതവുമായി പൂർത്തീകരിക്കാൻ 2018-2019 അക്കാദമിക വർഷം സർവ്വകലാ ശാലകൾക്ക് കഴിഞ്ഞു. ജൂൺ മാസം അവസാനം തന്നെ മൂന്ന് അലോട്ട്മെന്റുകൾക്ക് ശേഷം അഫിലേറ്റഡ് കോളേജുകളിൽ ഒന്നാം സെമസ്റ്റർ ക്ലാസ്സുകൾ ആരംഭിച്ചു.

ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ പരീക്ഷകൾ നവംബർ, ഡിസംബർ മാസങ്ങളിൽ പൂർത്തിയാക്കി, അഞ്ചാം സെമസ്റ്റർ ഫലപ്രഖ്യാപനം നടത്തി ക്കഴിഞ്ഞു. ഡിസംബറിൽ തന്നെ മൂന്നാം സെമസ്റ്റർ ഫലപ്രഖ്യാപനം പൂർത്തിയാ ക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ചാണ് സർവകലാശാലകൾ ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. ഇതിനായി കോളേജുകൾക്ക് നവംബർ മാസത്തിൽ 10 ദിവസം അവധി നൽകുകയുണ്ടായി. സർവകലാ ശാലകൾ പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും ആധുനിക വൽകരണത്തിന്റേയും കമ്പ്യൂട്ടറൈ സേഷന്റേയും പാതയിലാണ്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളും സി.ബി.സി. എസ്.എസ്. (CBCSS) പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ